# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 341 — 31.01.2014 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്താനുപാതം റിസർവ്വ് ബാങ്ക് ഉയർത്തിയ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എളമരം കരീം<br>ഡോ. കെ.റ്റി. ജലീൽ<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്താനുപാതം ഏഴ് ശതമാനമായി ഉയർത്തിയത് ഈ മേഖലയിൽ ഏതെല്ലാം തരത്തിൽ വിഘാതമാകുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്.<br>ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്കും , ജില്ലാ സഹകരണ ബാങ്കുകളും ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ സെക്ഷൻ 11(1) പ്രകാരമുള്ള നിശ്ചിത മൂലധന പര്യാപ്തത പാലിച്ചിരിക്കണമെന്ന് ഭാരതീയ റിസർവ്വ് ബാങ്ക് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള നിർദ്ദേശ പ്രകാരം 30.6.2013 ന് കുറഞ്ഞത് 4% ഉം 31.3.2015 ന് 7% ഉം 31.3.2017 ന് 9% ഉം മൂലധന പര്യാപ്തത കൈവരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതനുസരിച്ച് നിശ്ചിത ശതമാനം മൂലധന പര്യാപ്തത കൈവരിക്കാനാകാതെ വന്നാൽ ടി ബാങ്കുകളുടെ ബാങ്കിംഗ് ലൈസൻസ് നഷ്ടപ്പെടുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിലവിലുള്ള നാല് ശതമാനംതന്നെ പാലിക്കുന്നതിന് ബാങ്കുകൾ വളരെയധികം പ്രയാസപ്പെടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | റിസർവ്വ് ബാങ്കിന്റെ സഹകരണ മേഖലയോടുള്ള ഇത്തരം സമീപനം സഹകരണ മേഖലയുടെ തകർച്ചയ്ക്ക് കാരണമാവുന്നതും പുതുതായി ലൈസൻസ് ലഭിച്ച് തുടങ്ങാൻ ഉദ്ദേശിക്കുന്ന കോർപ്പറേറ്റ് ബാങ്കുകൾക്ക സഹായകരമാകുന്നതിനുമുള്ള നീക്കമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സഹകരണ ബാങ്കുകൾക്കും ദേശസാൽകൃത/വാണിജ്യ ബാങ്കുകൾക്കും ഒരേ മാനദണ്ഡങ്ങൾ റിസർവ്വ് ബാങ്ക് സ്വീകരിക്കുന്നത് സഹകരണ ബാങ്കുകൾക്ക് ഗുണകരമല്ല എന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ഡി) | റിസർവ് ബാങ്കിന്റെ ഈ ഉത്തരവ് പാലിക്കുന്നതിന് ആവശ്യമായ ധനസഹായം സർക്കാർ ഓഹരി ആയി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിശ്ചിത മൂലധന പര്യാപ്തത പാലിക്കണമെന്ന ഭാരതീയ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശ പ്രകാരം 30.6.2013 ന് 4% മൂലധന പര്യാപ്തത പാലിക്കാനാകാത്ത സംസ്ഥാന സഹകരണ ബാങ്കിനും കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കാസർഗോഡ് ജില്ലാ ബാങ്കുകൾക്കുമായി 199.50 കോടി രൂപ സർക്കാർ ഓഹരിയായി അനുവദിച്ചിട്ടുണ്ട്. 2011 ൽ 150 കോടി രൂപയും, 11-12 വർഷത്തിൽ 136 കോടി രൂപയും സംസ്ഥാന സഹകരണ ബാങ്കിന് ഓഹരിയായി അനുവദിച്ച നൽകിയിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ മാനദണ്ഡം പാലിക്കുന്നതിന് നിയമപ്രകാരമുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ